| 17-01-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- നിങ്ങൾ ഭാരതത്തിന്റെ വളരെ വിലപ്പെട്ട സേവകരാണ്, നിങ്ങൾക്ക് ശ്രീമതം അനുസരിച്ച് നിങ്ങളുടെ ശരീരം, മനസ്സ്, ധനത്തിലൂടെ ഇതിനെ രാമരാജ്യമാക്കി മാറ്റണം.**

**ചോദ്യം-** നിങ്ങൾ കുട്ടികൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന സത്യമായ അലൗകിക സേവനം ഏതാണ്?
**ഉത്തരം-** നിങ്ങൾ കുട്ടികൾ ഗുപ്തമായി ശ്രീമതത്തിലൂടെ പാവനഭൂമിയായ സുഖധാമത്തിന്റെ സ്ഥാപന ചെയ്യുന്നു- ഇതുതന്നെയാണ് ഭാരതത്തിന്റെ സത്യമായ അലൗകിക സേവനം. നിങ്ങൾ പരിധിയില്ലാത്ത ബാബയുടെ ശ്രീമതം അനുസരിച്ച് എല്ലാവരേയും രാവണന്റെ ജയിലിൽ നിന്നും മോചിപ്പിക്കുന്നു. ഇതിനായി നിങ്ങൾ പാവനമായി മാറി മറ്റുള്ളവരേയും പാവനമാക്കി മാറ്റുന്നു.

**ഗീതം-** നയനഹീനർക്ക് വഴി കാണിച്ചുകൊടുക്കൂ പ്രഭോ.....

**ഓംശാന്തി.** അല്ലയോ പ്രഭോ, ഈശ്വരാ, പരമാത്മാവേ എന്ന് വിളിക്കുന്നതിലും അച്ഛാ എന്നു വിളിക്കുന്നതിലും എത്ര വ്യത്യാസമുണ്ട്. അല്ലയോ ഈശ്വരാ, അല്ലയോ പ്രഭോ എന്ന് വിളിക്കുന്നതിൽ എത്ര ബഹുമാനമാണ്. പിന്നെ അവരെ പിതാവെന്നും വിളിക്കുന്നു, പിതാവ് എന്ന പദം വളരെ സാധാരണമാണ്. പിതാക്കന്മാർ വളരെ അധികമുണ്ട്. പ്രാർത്ഥിക്കുമ്പോഴും പറയുന്നു- അല്ലയോ പ്രഭോ, അല്ലയോ ഈശ്വരാ എന്ന്. ബാബാ എന്ന് എന്തുകൊണ്ട് പറയുന്നില്ല? എന്തായാലും പരമപിതാവ് തന്നെയല്ലേ. പക്ഷേ ബാബാ എന്ന വാക്ക് അമർന്നുപോകുന്നു, പരമാത്മാവ് എന്ന പദം ഉയർന്ന് നിൽക്കുന്നു. വിളിക്കുന്നുണ്ട്- അല്ലയോ പ്രഭോ, നയനഹീനർക്ക് വഴി പറഞ്ഞുതരൂ. ആത്മാക്കൾ പറയുന്നു- ബാബാ, ഞങ്ങൾക്ക് മുക്തിയുടേയും ജീവന്മുക്തിയുടേയും വഴി പറഞ്ഞുതരൂ. പ്രഭൂ എന്ന വാക്ക് എത്ര വലുതാണ്. പിതാവ് എന്ന വാക്ക് സാധാരണമാണ്. നിങ്ങൾക്ക് അറിയാം ഇവിടെ ബാബയാണ് വന്ന് മനസ്സിലാക്കിത്തരുന്നത്. ലൗകിക രീതിയിലാണെങ്കിൽ പിതാക്കന്മാർ ഒരുപാടുണ്ട്, വിളിക്കുന്നുമുണ്ട് അങ്ങുതന്നെയാണ് മാതാവും പിതാവും.......... എത്ര സാധാരണമായ വാക്കുകളാണ്. ഈശ്വരൻ അഥവാ പ്രഭൂ എന്ന് വിളിക്കുമ്പോൾ കരുതുന്നത് ഭഗവാനെക്കൊണ്ട് ചെയ്യാൻ സാധിക്കാത്തതായി ഒന്നുമില്ല എന്നാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ വന്നിട്ടുണ്ട്. ബാബ ശ്രേഷ്ഠമായ വഴി വളരെ സഹജമായി പറഞ്ഞുതരുന്നു. ബാബ പറയുന്നു- എന്റെ കുട്ടികളേ, നിങ്ങൾ രാവണന്റെ മതത്തിലൂടെ കാമ ചിതയിൽ കയറി ഭസ്മമായിരിക്കുന്നു. ഇപ്പോൾ ഞാൻ നിങ്ങളെ പാവനമാക്കി മാറ്റി വീട്ടിലേയ്ക്ക് കൂടെക്കൊണ്ടുപോകാനായി വന്നതാണ്. ബാബയെ വിളിക്കുന്നതുതന്നെ വന്ന് പതിതത്തിൽ നിന്നും പാവനമാക്കി മാറ്റൂ എന്നു പറഞ്ഞാണ്. ബാബ പറയുന്നു ഞാൻ വന്നിരിക്കുന്നത് നിങ്ങളുടെ സേവനം ചെയ്യാനാണ്. നിങ്ങൾ കുട്ടികൾ എല്ലാവരും ഭാരതത്തിന്റെ അലൗകിക സേവനത്തിലാണ്. ഈ സേവനം നിങ്ങൾക്കല്ലാതെ മറ്റാർക്കും ചെയ്യാൻ സാധിക്കില്ല. നിങ്ങൾ ഭാരതത്തിനുവേണ്ടിത്തന്നെയാണ് ചെയ്യുന്നത്, ശ്രീമതത്തിലൂടെ പവിത്രമായി മാറി ഭാരതത്തെ പവിത്രമാക്കി മാറ്റുന്നു. ഗാന്ധിജിയുടേയും ആഗ്രഹം രാമരാജ്യം ഉണ്ടാകണം എന്നതായിരുന്നു. ഇപ്പോൾ ഒരു മനുഷ്യനും രാമരാജ്യമുണ്ടാക്കാൻ സാധിക്കില്ല. ഇല്ലെങ്കിൽ പിന്നെ പ്രഭുവിനെ പതിതപാവനൻ എന്നു പറഞ്ഞ് വിളിക്കുന്നത് എന്തിനാണ്? ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഭാരതത്തോട് എത്ര സ്നേഹമാണ്. സത്യമായ സേവ നിങ്ങളാണ് ചെയ്യുന്നത്, വിശേഷിച്ച് ഭാരതത്തിന്റെ പിന്നെ മുഴുവൻ ലോകത്തിന്റേയും.

നിങ്ങൾക്ക് അറിയാം എങ്ങനെയാണോ ബാപ്പൂജി ആഗ്രഹിച്ചത് അതുപോലെ ഭാരതത്തെ വീണ്ടും രാമരാജ്യമാക്കി മാറ്റുകയാണ്. ഗാന്ധിജി പരിധിയുള്ള ബാപ്പൂജിയായിരുന്നു, എന്നാൽ ഇത് പരിധിയില്ലാത്ത ബാപ്പൂജിയാണ്. ബാബ പരിധിയില്ലാത്ത സേവനമാണ് ചെയ്യുന്നത്. ഇത് നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ. നമ്മൾ രാമരാജ്യം നിർമ്മിക്കും എന്ന ലഹരി നിങ്ങൾ കുട്ടികളിലും നമ്പർവൈസായാണ് ഉള്ളത്. നിങ്ങൾ ഗവൺമെന്റിന്റെ സേവകരാണ്. നിങ്ങൾ ദൈവീക ഗവൺമെന്റ് ഉണ്ടാക്കുകയാണ്. നിങ്ങൾക്ക് ഭാരതത്തെ പ്രതി അഭിമാനമുണ്ട്. അറിയാം സത്യയുഗത്തിൽ ഇത് പാവനമായ ഭൂമിയായിരുന്നു, ഇപ്പോൾ പതിതമാണ്. നിങ്ങൾക്ക് അറിയാം ഇപ്പോൾ നമ്മൾ ബാബയിലൂടെ വീണ്ടും പാവനലോകം അഥവാ സുഖധാമം നിർമ്മിക്കുകയാണ്, അതും ഗുപ്തമായി. ശ്രീമതവും ഗുപ്തമായാണ് ലഭിക്കുന്നത്. ഭാരത ഗവൺമെന്റിനുവേണ്ടി നിങ്ങൾക്ക് ചെയ്യാൻ സാധിക്കും. ശ്രീമതത്തിലൂടെ നിങ്ങൾ ഭാരതത്തിന്റെ ഉയർന്നതിലും ഉയർന്ന സേവ തന്റെ ശരീരവും മനസ്സും ധനവും ഉപയോഗിച്ച് ചെയ്യുന്നു. കോൺഗ്രസുകാർ എത്ര ജയിലിൽ പോയി. നിങ്ങൾക്കാണെങ്കിൽ ജയിലിലൊന്നും പോകേണ്ട ആവശ്യമില്ല. നിങ്ങളുടേത് ആത്മീയ കാര്യങ്ങളാണ്. ആത്മീയ യുദ്ധം 5 വികാരങ്ങളാകുന്ന രാവണനുമായാണ്. ഈ രാവണന് മുഴുവൻ ലോകത്തിന്റെ മേലും അധികാരമുണ്ട്. നിങ്ങളുടേത് സേനയാണ്. ലങ്ക ഒരു ചെറിയ ദ്വീപാണ്. ഈ സൃഷ്ടി പരിധിയി

ല്ലാത്ത ദ്വീപാണ്. നിങ്ങൾ പരിധിയില്ലാത്ത ബാബയുടെ ശ്രീമതത്തിലൂടെ എല്ലാവരേയും രാവണന്റെ ജയിലിൽ നിന്നും മോചിപ്പിക്കുന്നു. ഇത് നിങ്ങൾക്ക് അറിയാവുന്നതാണ് അതായത് ഈ പതിതലോകത്തിന്റെ വിനാശം സംഭവിക്കേണ്ടതുതന്നെയാണ്. നിങ്ങൾ ശിവശക്തികളാണ്. ഈ ഗോപന്മാരും ശിവശക്തികളാണ്. നിങ്ങൾ ഗുപ്തമായ രീതിയിൽ ഭാരതത്തിന്റെ വളരെ വലിയ സേവനം ചെയ്യുകയാണ്. മുന്നോട്ട് പോകവേ എല്ലാവർക്കും മനസ്സിലാകും. നിങ്ങളുടേത് ശ്രീമതത്തിലൂടെയുള്ള ആത്മീയ സേവനമാണ്. നിങ്ങൾ ഗുപ്തമാണ്. ഗവൺമെന്റിന് അറിയുകയേയില്ല അതായത് ഈ ബി.കെ കൾ ഭാരതത്തെ തന്റെ ശരീരം, മനസ്സ്, ധനം ഉപയോഗിച്ച് ശ്രേഷ്ഠത്തിലും ശ്രേഷ്ഠമായ സത്യഖണ്ഡമാക്കി മാറ്റുകയാണെന്ന്. ഭാരതം സത്യഖണ്ഡമായിരുന്നു, ഇപ്പോൾ അസത്യഖണ്ഡമാണ്. സത്യം ഒരേയൊരു ബാബയാണ്. ഈശ്വരൻ സത്യമാണ് എന്ന് പറയാറുമുണ്ട്. നിങ്ങൾക്ക് നരനിൽ നിന്നും നാരായണനായി മാറുന്നതിനുള്ള സത്യമായ പഠിപ്പ് നൽകുകയാണ്. ബാബ പറയുന്നു കല്പം മുമ്പും നിങ്ങളെ നരനിൽ നിന്നും നാരായണനാക്കി മാറ്റിയിരുന്നു, രാമായണത്തിലാണെങ്കിൽ എന്തെല്ലാം കഥകളാണ് എഴുതിവെച്ചിരിക്കുന്നത്. രാമൻ കുരങ്ങന്മാരുടെ സേനയെ ഉപയോഗിച്ചു എന്ന് പറയുന്നു. നിങ്ങൾ മുമ്പ് കുരങ്ങന്മാരെപ്പോലെയായിരുന്നു. ഒരു സീതയുടെ കാര്യമല്ല. ബാബ മനസ്സിലാക്കിത്തരുകയാണ് എങ്ങനെയാണ് നമ്മൾ രാവണ രാജ്യത്തിന്റെ വിനാശം ചെയ്ത് രാമരാജ്യത്തിന്റെ സ്ഥാപന ചെയ്യുന്നതെന്ന്, ഇതിൽ ബുദ്ധിമുട്ടിന്റെ ഒരു കാര്യവുമില്ല. അവരാണെങ്കിൽ എത്ര ചിലവ് ചെയ്യുന്നു. രാവണന്റെ കോലമുണ്ടാക്കി പിന്നീട് അതിനെ കത്തിക്കുന്നു. ഒന്നും മനസ്സിലാക്കുന്നില്ല. വലിയ വലിയ ആളുകൾ എല്ലാവരും പോകും, വിദേശികളേയും കാണിക്കുന്നു, പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നതിനാൽ നിങ്ങൾ കുട്ടികളുടെയുള്ളിൽ ഞങ്ങൾ ഭാരതത്തിന്റെ സത്യമായ ആത്മീയ സേവനം ചെയ്യുകയാണ് എന്ന ലഹരിയുണ്ട്. ബാക്കി മുഴുവൻ ലോകവും രാവണന്റെ മതത്തിലാണ്, നിങ്ങൾ മാത്രം രാമന്റെ ശ്രീമതത്തിലാണ്. രാമൻ എന്നു പറഞ്ഞോളൂ, ശിവൻ എന്ന് പറഞ്ഞോളൂ, പേരുകൾ അനേകം വെയ്ക്കുന്നുണ്ട്. നിങ്ങൾ കുട്ടികൾ ശ്രീമതത്തിലൂടെ നടക്കുന്ന ഭാരതത്തിന്റെ വളരെ വിലപ്പെട്ട സേവാധാരികളാണ്. പറയുന്നുമുണ്ട്– അല്ലയോ പതീത പാവനാ, വന്ന് പാവനമാക്കി മാറ്റൂ. നിങ്ങൾക്ക് അറിയാം സത്യയുഗത്തിൽ നമുക്ക് എത്ര സുഖം ലഭിക്കുന്നു. സൃഷ്ടി കർത്താവിൽ നിന്നും ഖജനാവ് ലഭിക്കുന്നു. അവിടെ ശരാശരി ആയുസ്സ് പോലും എത്ര കൂടുതലായിരിക്കും. അവിടെ യോഗികളാണ്, ഇവിടെ ഭോഗികളാണ്. അവർ പാവനമാണ്, ഇവിടെ പതിതമാണ്. എത്ര രാവും പകലും തമ്മിലുള്ള വ്യത്യാസമാണ്. കൃഷ്ണനേയും യോഗി, മഹാത്മാവ് എന്നെല്ലാം വിളിക്കുന്നുണ്ട്. പക്ഷേ അവർ സത്യമായ മഹാത്മാവാണ്. സർവ്വഗുണ സമ്പന്നൻ.... എന്ന് അവരെക്കുറിച്ചാണ് മഹിമ പാടുന്നത്. ആത്മാവും ശരീരവും രണ്ടും പവിത്രമാണ്. സന്യാസിയാണെങ്കിൽ ഗൃഹസ്ഥിയിൽ വികാരത്തിലൂടെ ജന്മമെടുത്ത് പിന്നീട് സന്യാസിയായി മാറുകയാണ്. ഈ കാര്യങ്ങൾ ഇപ്പോൾ ബാബ നിങ്ങൾക്ക് മനസ്സിലാക്കിത്തരുകയാണ്. ഈ സമയത്ത് മനുഷ്യർ അധാർമ്മികരും, അസന്തുഷ്ടരുമാണ്. സത്യയുഗത്തിൽ എങ്ങനെയായിരുന്നു? ധാർമ്മികരും, സത്യതയുള്ളവരുമായിരുന്നു. 100 ശതമാനം സമ്പന്നരായിരുന്നു. സദാ സന്തുഷ്ടരായിരുന്നു. രാവും പകവും തമ്മിലുള്ള വ്യത്യാസമുണ്ട്. ഇത് കൃത്യമായി നിങ്ങൾ മാത്രമേ അറിയുന്നുള്ളു. ഭാരതം സ്വർഗ്ഗത്തിൽ നിന്നും എങ്ങനെയാണ് നരകമായി മാറുന്നത് എന്നത് ആർക്കെങ്കിലും അറിയുമോ? ലക്ഷ്മീ നാരായണന്മാരുടെ പൂജ ചെയ്യുന്നു, ക്ഷേത്രങ്ങൾ നിർമ്മിക്കുന്നു, പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. ബാബ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു– നല്ല നല്ല പദവികളിൽ ഇരിക്കുന്നവർക്കും, ബിർലയ്ക്കുപോലും ഇത് മനസ്സിലാക്കിക്കൊടുക്കാം, ഈ ലക്ഷ്മീ നാരായണന്മാർ ഈ പദവി എങ്ങനെയാണ് നേടിയത്, ഇവരുടെ ക്ഷേത്രങ്ങൾ നിർമ്മിക്കാൻ ഇവർ എന്താണ് ചെയ്തത്? കർത്തവ്യം എന്തെന്ന് അറിയാതെ പൂജ ചെയ്യുന്നത് കല്ലുപൂജ അഥവാ പാവകളുടെ പൂജയാണ്. മറ്റു ധർമ്മത്തിലുള്ളവർക്കെല്ലാം അറിയാം ക്രിസ്തു ഇന്ന സമയത്താണ് വന്നത്, വീണ്ടും വരുമെന്ന്,

എങ്കിൽ നിങ്ങൾ കുട്ടികൾക്ക് ഗുപ്തമായ ആത്മീയ ലഹരി എത്ര ഉണ്ടായിരിക്കണം. ആത്മാവിന് സന്തോഷം ഉണ്ടാകണം. അരകല്പം ദേഹാഭിമാനിയായി മാറി. ഇപ്പോൾ ബാബ പറയുന്നു– അശരീരിയായി മാറൂ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. നമ്മുടെ ആത്മാവ് ബാബയിൽ നിന്നും കേൾക്കുകയാണ്. മറ്റു സത്സംഗങ്ങളിൽ ഒരിയ്ക്കലും ഇങ്ങനെ കരുതില്ല. ഇവിടെ ആത്മീയ അച്ഛൻ ഇരുന്ന് ആത്മാക്കൾക്ക് മനസ്സിലാക്കിത്തരുകയാണ്. ആത്മാവുതന്നെയല്ലേ എല്ലാം കേൾക്കുന്നത്. ഞാൻ പ്രധാനമന്ത്രിയാണ്, ഇന്നയാളാണ് എന്നൊക്കെ ആത്മാവാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ പറയുന്നു ഞങ്ങൾ ആത്മാക്കൾ പുരുഷാർത്ഥം ചെയ്ത് സ്വർഗ്ഗത്തിലെ ദേവീദേവതയാവുകയാണ്. ഞാൻ ആത്മാവാണ്, എന്റേതാണ് ശരീരം. ദേഹീ അഭിമാനിയാകുന്നതിലാണ് വളരെ അധികം പരിശ്രമമുള്ളത്. നിമിഷം പ്രതി സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. നിങ്ങൾ വളരെ അനുസരണയുള്ള സേവകരാണ്. ഗുപ്ത രീതിയിലാണ് കർത്തവ്യം ചെയ്യുന്നത്. എങ്കിൽ ലഹരിയും ഗുപ്തമായിരിക്കണം. നമ്മൾ ഗവൺമെന്റിന്റെ ആത്മീയ സേവകരാണ്. ഭാരതത്തെ സ്വർഗ്ഗമാക്കുകയാണ്. ബാപ്പൂജിയും

ആഗ്രഹിച്ചിരുന്നു പുതിയ ലോകത്തിൽ പുതിയ ഭാരതം, പുതിയ ഡൽഹി ഉണ്ടാകണമെന്ന്. ഇപ്പോൾ പുതിയ ലോകം ഇല്ലേയില്ല. ഈ പഴയ ഡൽഹി ശവപ്പറമ്പായി മാറും പിന്നീടാണ് പരിസ്ഥാൻ ഉണ്ടാവുക. ഇപ്പോൾ ഇതിനെ പരിസ്ഥാൻ എന്ന് വിളിക്കുമോ. പുതിയ ലോകത്തിൽ പരിസ്ഥാൻ അഥവാ പുതിയ ഡൽഹി നിങ്ങളാണ് നിർമ്മിക്കുന്നത്. ഇത് വളരെ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഈ കാര്യങ്ങൾ മറന്നു പോകരുത്. ഭാരതത്തെ വീണ്ടും സുഖധാമമാക്കി മാറ്റുക എന്നത് എത്ര ശ്രേഷ്ഠമായ കാര്യമാണ്. ഡ്രാമാ പ്ലാൻ അനുസരിച്ച് സൃഷ്ടി പഴയതാവുകതന്നെ ചെയ്യും. ദുഃഖധാമമല്ലേ. ദുഃഖ ഹർത്താവ്, സുഖ കർത്താവ് എന്ന് ഒരേയൊരു ബാബയെത്തന്നെയാണ് പറയുന്നത്. നിങ്ങൾക്ക് അറിയാം ബാബ 5000 വർഷങ്ങൾക്കു ശേഷം വന്ന് ദുഃഖിയായ ഭാരതത്തെ സുഖിയാക്കി മാറ്റുന്നു. സുഖവും നൽകുന്നു ശാന്തിയും നൽകുന്നു. മനസ്സിന് എങ്ങനെ ശാന്തി ലഭിക്കും? എന്ന് മനുഷ്യർ ചോദിക്കാറുണ്ട്. ഇപ്പോൾ ശാന്തി ശാന്തിധാമം അഥവാ മധുരമായ വീട്ടിലേ ഉണ്ടാകൂ. അതിനെ ശാന്തിധാമം എന്നാണ് പറയുന്നത്, അവിടെ ശബ്ദവുമില്ല, ദുഃഖവുമില്ല. സൂര്യ ചന്ദ്രന്മാരും ഉണ്ടാകില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഇതിന്റെ മുഴുവൻ ജ്ഞാനവുമുണ്ട്. ബാബയും വന്ന് അനുസരണയുള്ള സേവകനായി മാറിയില്ലേ. പക്ഷേ ബാബയെ അറിയുന്നേയില്ല. എല്ലാവരേയും മഹാത്മാവ് എന്ന് പറയുന്നു. ഇപ്പോൾ മഹാത്മാവ് എന്ന് സ്വർഗ്ഗത്തിലുള്ളവരെയല്ലാതെ മറ്റാരെയും പറയാൻ കഴിയില്ല. അവിടെ ആത്മാക്കൾ പവിത്രമാണ്. പവിത്രമായിരുന്നതിനാൽ ശാന്തിയും സമ്പത്തും ഉണ്ടായിരുന്നു. ഇപ്പോൾ പവിത്രതയില്ല അതിനാൽ ഒന്നുമില്ലാതായി. പവിത്രതയ്ക്കും അംഗീകാരമുണ്ട്. ദേവതകൾ പവിത്രമായിരുന്നു അതിനാലാണ് അനേകം പേർ അവർക്കുമുന്നിൽ തലകുനിക്കുന്നത്. പവിത്രമായവരെ പാവനമെന്നും അപവിത്രമായവരെ പതിതമെന്നും പറയും. ഇത് മുഴുവൻ വിശ്വത്തിന്റേയും പരിധിയില്ലാത്ത ബാപ്പൂജിയാണ്, മേയറേയും ഇങ്ങനെ നഗരപിതാവ് എന്ന് പറയാറുണ്ട്. അവിടെ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും ഉണ്ടാകില്ല. അവിടെ നിയമാനുസരണം രാജ്യം ഭരിക്കും. വിളിക്കുന്നുമുണ്ട്– അല്ലയോ പതീത പാവനാ വരൂ എന്ന്. ഇപ്പോൾ ബാബ പറയുന്നു– പവിത്രമായി മാറൂ, അപ്പോൾ പറയുന്നു ഇത് എങ്ങനെ നടക്കും, പിന്നെ കുട്ടികൾ എങ്ങനെ ജനിക്കും? സൃഷ്ടി എങ്ങനെ വൃദ്ധി പ്രാപിക്കും? അവർക്ക് ലക്ഷ്മീ നാരായണന്മാർ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു എന്ന കാര്യം അറിയില്ല. നിങ്ങൾ കുട്ടികൾക്ക് എത്ര എതിർപ്പുകൾ സഹിക്കേണ്ടതായി വരുന്നു.

ഡ്രാമയിൽ കല്പം മുമ്പ് എന്തുണ്ടായോ അത് ആവർത്തിക്കുന്നു. ഡ്രാമാ എന്നു പറഞ്ഞ് നിന്നുപോകണം എന്നല്ല– ഡ്രാമയിൽ ഉണ്ടെങ്കിൽ ലഭിക്കും എന്നു കരുതരുത്. സ്ക്കൂളിൽ വെറുതേ ഇങ്ങനെ ഇരുന്നതുകൊണ്ട് എന്താ ആരെങ്കിലും പാസാകുമോ? ഓരോ കാര്യത്തിനും മനുഷ്യരുടെ പ്രയത്നം നടന്നുകൊണ്ടിരിക്കുന്നു. പ്രയത്നിക്കാതെ വെള്ളം പോലും കിട്ടില്ല. നിമിഷത്തിന് നിമിഷം നടന്നുകൊണ്ടിരിക്കുന്ന പുരുഷാർത്ഥം പ്രാലബ്ധത്തിനായാണ്. ഈ പരിധിയില്ലാത്ത പുരുഷാർത്ഥം ചെയ്യുന്നത് പരിധിയില്ലാത്ത സുഖത്തിനുവേണ്ടിയാണ്. ഇപ്പോൾ ബ്രഹ്മാവിന്റെ രാത്രിയാണ് പിന്നീട് ബ്രഹ്മാവിന്റെ പകലുണ്ടാകും. ശാസ്ത്രങ്ങളിലും പഠിക്കുമായിരുന്നു പക്ഷേ ഒന്നും മനസ്സിലാക്കിയിരുന്നില്ല. ഈ ബാബ സ്വയം ഇരുന്ന് രാമായണവും ഭാഗവതവുമെല്ലാം കേൾപ്പിക്കുമായിരുന്നു, പണ്ഢിതനായി ഇരിക്കുമായിരുന്നു. ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് അത് ഭക്തിമാർഗ്ഗമാണ്. ഭക്തി വേറെയാണ്, ജ്ഞാനം വേറെ വസ്തുവാണ്. ബാബ പറയുന്നു നിങ്ങൾ എല്ലാവരും കാമചിതയിൽ ഇരുന്ന് കറുത്തുപോയി. കൃഷ്ണനേയും ശ്യാമസുന്ദരൻ എന്നല്ലേ വിളിക്കുന്നത്! പൂജാരികൾ അന്ധവിശ്വാസികളാണ്. എത്ര ഭൂതപൂജയാണ്. ശരീരത്തിന്റെ പൂജ, 5 തത്വങ്ങളുടെ പൂജയാണ്. ഇതിനെയാണ് പറയുന്നത്– വ്യഭിചാരി പൂജ. ഭക്തിമാർഗ്ഗം മുമ്പ് അവ്യഭിചാരിയായിരുന്നു, ഒരു ശിവനെ മാത്രമാണ് പൂജിച്ചിരുന്നത്. ഇപ്പോൾ നോക്കൂ എന്തിന്റെയെല്ലാം പൂജയാണ് നടക്കുന്നത്. ബാബ അത്ഭുതപ്പെടുകയും ചെയ്യുന്നു, ജ്ഞാനവും നൽകുന്നു. മുള്ളിൽ നിന്നും പുഷ്പമാക്കി മാറ്റുകയാണ്. അതിനെ പൂക്കളുടെ പൂന്തോട്ടം എന്നാണ് പറയുന്നത്. കറാച്ചിയിൽ കാവൽ നിൽക്കുന്ന ഒരു പട്ടാണിയുണ്ടായിരുന്നു, അദ്ദേഹവും ധ്യാനത്തിൽ പോകുമായിരുന്നു, പറയും ഞാൻ സ്വർഗ്ഗത്തിലേയ്ക്ക് പോയി, അല്ലാഹു എനിക്ക് പൂ തന്നു. അയാൾക്ക് വളരെ അധികം സന്തോഷമാകുമായിരുന്നു. അത്ഭുതമല്ലേ. അവരാണെങ്കിൽ 7 അത്ഭുതങ്ങൾ എന്നാണ് പറയുന്നത്. വാസ്തവത്തിൽ ലോകാത്ഭുതം സ്വർഗ്ഗമാണ്– ഇത് ആർക്കും അറിയില്ല.

നിങ്ങൾക്ക് എത്ര ഫസ്റ്റ് ക്ലാസായ ജ്ഞാനമാണ് ലഭിച്ചിരിക്കുന്നത്. നിങ്ങൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. എത്ര ശ്രേഷ്ഠനായ ബാപ്ദാദയാണ് മാത്രമല്ല എത്ര സഹജമായാണ് ഇരിക്കുന്നത്, ബാബയുടെ മഹിമയാണ് പാടപ്പെടുന്നത്, ബാബ നിരാകാരനും നിരഹങ്കാരിയുമാണ്. ബാബയ്ക്ക് വന്ന് സേവനം ചെയ്യണമല്ലോ. അച്ഛൻ എപ്പോഴും കുട്ടികളുടെ സേവനം ചെയ്ത്, അവർക്ക് ധനവും സമ്പത്തും നൽകി സ്വയം വാനപ്രസ്ഥത്തിലേയ്ക്ക് പോകുന്നു. കുട്ടികളെ തലയിൽ വെയ്ക്കുന്നു. നിങ്ങൾ വിശ്വത്തിന്റെ അധികാരികളാവുകയാണ്. മധുരമായ വീട്ടിലേയ്ക്ക് പോയി പിന്നീട് വന്ന് മധുരമായ രാജപദവി സ്വീകരിക്കും, ബാബ പറയുന്നു ഞാൻ രാജപദവി സ്വീകരിക്കുന്നില്ല. സത്യമായ നിഷ്കാമ സേവാധാരി ഒരേയൊരാളാണ്. എങ്കിൽ കുട്ടികൾക്ക് എത്ര സന്തോഷം ഉണ്ടാവണം. പക്ഷേ മായ മറപ്പിക്കുന്നു. ഇത്രയും വലിയ

ബാപ്ദാദയെ മറക്കാൻ പാടുമോ. മുത്തച്ഛന്റെ സമ്പത്തിനുമേൽ എത്ര ലഹരിയുണ്ടാവണം. നിങ്ങൾക്ക് ശിവബാബയെ ലഭിച്ചു. ബാബയുടെ സമ്പത്താണ്. ബാബ പറയുന്നു എന്നെ ഓർമ്മിക്കു പിന്നെ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ. ആസുരീയ അവഗുണങ്ങളെ ഇല്ലാതാക്കണം. നിർഗുണനായ എന്നിൽ ഒരു ഗുണവുമില്ല എന്ന് പാടുന്നുണ്ട്. നിർഗുണ പ്രസ്ഥാനവുമുണ്ട്. ഇപ്പോൾ അർത്ഥം ആരും മനസ്സിലാക്കുന്നില്ല. നിർഗുണം അർത്ഥം ഒരു ഗുണവുമില്ല. പക്ഷേ അത് മനസ്സിലാക്കുന്നുണ്ടോ. നിങ്ങൾ കുട്ടികൾക്ക് ബാബ ഒരേ ഒരു കാര്യം മനസ്സിലാക്കിത്തരുന്നു– പറയൂ, ഞങ്ങൾ ഭാരതത്തിന്റെ സേവനത്തിലാണ്. എല്ലാവരുടേയും ബാപ്പൂജി ആരാണോ അവരുടെ ശ്രീമതത്തിലൂടെയാണ് ഞങ്ങൾ നടക്കുന്നത്. ശ്രീമത് ഭഗവദ്ഗീത എന്ന് പാടിയിട്ടുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാത്പിതാവായ ബാപ്ദാദയുടെ സ്നേഹസ്മരണയും നമസ്കാരവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1) സർവ്വശ്രേഷ്ഠനായ ബാപ്ദാദ എങ്ങനെയാണോ ലളിതമായിരിക്കുന്നത് അതുപോലെ വളരെ വളരെ ലളിതവും നിരാകാരിയും നിർവ്വികാരിയുമായിരിക്കണം. ബാബയിലൂടെ ലഭിച്ച ഫസ്റ്റ് ക്ലാസ് ജ്ഞാനത്തെക്കുറിച്ച് ചിന്തനം ചെയ്യണം.

2) ഡ്രാമ അതേപടി ആവർത്തിച്ചുകൊണ്ടിരിക്കുന്നു, ഇതിൽ പരിധിയില്ലാത്ത പുരുഷാർത്ഥം ചെയ്ത് പരിധിയില്ലാത്ത സുഖത്തിന്റെ പ്രാപ്തി ഉണ്ടാക്കണം. ഒരിയ്ക്കലും ഡ്രാമ എന്നു പറഞ്ഞ് നിന്നുപോകരുത്. പ്രാബല്ധത്തിനായി പുരുഷാർത്ഥം തീർച്ചയായും ചെയ്യണം.

## വരദാനം:– അവ്യക്ത സ്വരൂപത്തിന്റെ തപസ്യയിലൂടെ ശക്തിശാലീ വായുമണ്ഡലം സൃഷ്ടിക്കുന്ന അവ്യക്ത ഫരിസ്തയായി ഭവിക്കട്ടെ.

വായുമണ്ഡലത്തെ ശകതിശാലിയാക്കി മാറ്റാനുള്ള മാർഗ്ഗമാണ് തന്റെ അവ്യക്ത സ്വരൂപത്തിന്റെ തപസ്യ. ഇതിൽ നിരന്തരം ശ്രദ്ധ വെക്കൂ, എന്തുകൊണ്ടെന്നാൽ ഏത് കാര്യത്തിന്റെ തപസ്യയാണോ ചെയ്യുന്നത് ആ കാര്യത്തിന്റെ ശ്രദ്ധയുണ്ടായിരിക്കും. അതുകൊണ്ട് അവ്യക്ത സ്വരൂപത്തിന്റെ തപസ്യ അതായത് നിരന്തരം ശ്രദ്ധയുള്ള തപസ്യ വേണം. അതിനാൽ അവ്യക്ത ഫരിസ്താ ഭവ എന്ന വരദാനത്തെ സ്മൃതിയിൽ വെച്ച്  ശക്തിശാലിയായ വായുമണ്ഡലം സൃഷ്ടിക്കുന്നതിന്റെ തപസ്യ ചെയ്യൂ, എങ്കിൽ താങ്കളുടെയടുത്ത് ആര് വന്നാലും അവർ വ്യക്തവും വ്യർത്ഥവുമായ കാര്യങ്ങളിൽ നിന്ന് ഉപരിയായി പോകും.

## സ്ലോഗൻ:– സർവ്വശക്തിവാനായ അച്ഛനെ പ്രത്യക്ഷപ്പെടുത്തുന്നതിന് വേണ്ടി ഏകാഗ്രതയുടെ ശക്തിയെ വർദ്ധിപ്പിക്കൂ.

**തന്റെ ശക്തിശാലി മനസ്സിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.**
തന്റെ സ്ഥൂല കാര്യപരിപാടികളെ ദിനചര്യപ്രമാണം സെറ്റ് ചെയ്യുന്നത് പോലെ  മനസാശക്തിസ്ഥിതിയുടെ പ്രോഗ്രാം സെറ്റ് ചെയ്യൂ. എത്രയും തന്റെ മനസ്സിനെ ശക്തിശാലി സങ്കൽപ്പങ്ങളിൽ ബിസിയാക്കി വെക്കുന്നുവോ അപ്പോൾ മനസ്സിന് അപ്സെറ്റാകാനുള്ള അവസരമേ ലഭിക്കില്ല. മനസ്സ് സദാ സെറ്റ് അഥവാ ഏകാഗ്രമാണെങ്കിൽ താനേ നല്ല വൈബ്രേഷൻ പരക്കും. സേവനം നടക്കും.